## വിദ്യാലയങ്ങളിൽ ജനമൈത്രി പോലീസ് പദ്ധതി

239 (3873) ശ്രീ. അൻവർ സാദത്ത് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി "ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടുകൂടി സ്കൂളുകളിൽ സ്ഥാപിച്ച ടച്ച് സ്ക്രീൻ കിയോസ്ക്കുകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീ സംരക്ഷണ നിയമങ്ങൾ, കുട്ടികൾക്കായുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ, ഹെൽപ്പ്ലൈൻ നമ്പരുകൾ, സൈബർ കുറ്റകൃത്യങ്ങളും പരിഹാരങ്ങളും എന്നിവ വിരൽത്തുമ്പിലൂടെ നിമിഷങ്ങൾക്കകം ലഭ്യമാകുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചില വീഡിയോ ഫിലിമുകളും കുട്ടികൾക്ക് കാണാൻ അവസരമൊരുക്കുന്നു.

(ബി) വിദ്യാർത്ഥികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ, അവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) തുടക്കത്തിൽ തിരുവനന്തപുരം, തൃശ്ശൂർ നഗരങ്ങളിലെ സ്കൂളുകളിലാണ് ഇത് സംഘടിപ്പിച്ചത്. ഈ പദ്ധതി സംസ്ഥാനം മുഴുവനും വ്യാപിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, ജനമൈത്രി നോഡൽ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

**കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്**

240 (3874) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കിയത് കൊണ്ട് കൈവരിക്കാനായ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

കുറ്റവാളികളുടെ വിവരങ്ങൾ സംസ്ഥാനത്തൊട്ടാകെ പോലീസ് ഓഫിസുകളിൽ ലഭ്യമാക്കുന്ന വിധത്തിൽ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും, ഉയർന്ന പോലീസ് ഓഫീസുകൾക്കും തങ്ങളുടെ ഓഫീസിൽ നിന്നുതന്നെ സംസ്ഥാനത്തൊട്ടാകെയുള്ള കേസിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ പെട്ടെന്ന് സെർച്ച് ചെയ്ത് ശേഖരിക്കാവുന്നതാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വിവിധ കേസുകളിൽ ഉൾപ്പെട്ട വ്യകതികളുടെ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി മറ്റ് കേസ്സുകളിൽ ഉൾപ്പെട്ടയാളാണോ എന്ന് പരിശോധിക്കുന്നതിന് ഈ ഡേറ്റാബേസ് സഹായിക്കും. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളുടെ വിവരങ്ങളും കേസിൽ പ്രതിയാക്കപ്പെട്ടവരെ സംബന്ധിച്ച വിവരങ്ങളും ഈ ഡാറ്റാബേസിൽ ലഭ്യമാണ്.

**സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്സ്മെന്റ് ഫോർ പോലീസ് പേഴ്സണൽ**

241 (3875) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി.പി. സജീന്ദ്രൻ :
ശ്രീ. പി. എ. മാധവൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala.Legislative Assembly